**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2022 ഒക്ടോബർ 17

# വാർത്താക്കുറിപ്പ് (2)

---

## ഫാക്വൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അധ്യാപകർക്കായി കോളജ് ഡവലപ്മെന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡോ. പി.ടി. ബാബുരാജ്, ഐ.ഐ.ആർ.ബി.എസ് ഡയറക്ടർ ഡോ. എസ്. അനസ്, പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ. ഹരി ചങ്ങമ്പുഴ എന്നിവർ സംസാരിച്ചു. പരിപാടി ഒക്ടോബർ 22ന് സമാപിക്കും.

(പി.ആർ.ഒ./39/1481/2022)

## സെമിനാർ നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിന്റെ സെന്റർ ഫോർ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ മതരാഷ്ട്ര ഘടനകൾക്കെതിരായ സ്ത്രീ പ്രതിരോധം ഇറാനിൽ എന്ന വിഷയത്തിൽ സെമിനാർ നടത്തി.

സർവകലാശാലയിലെ വിദ്യാർഥിയായ ഇറാനിൽനിന്നുള്ള ഫർഹാംഗ് തന്റെ രാജ്യത്തെ സാഹചര്യം വിശദീകരിച്ചു. ഡോ. എം.വി. ബിജുലാൽ, ഡോ. അപർണ ഈശ്വരൻ, വിദ്യാർഥികളായ ദിവ്യ രാജൻ, ആദർശ് സിറിൽ,

സ്കറിയ, അഫ്ഗാനിസ്ഥാനിൽ നിന്നുള്ള ഗവേഷണ വിദ്യാർഥി സയിദ്, എന്നിവരും സംസാരിച്ചു.

(പി.ആർ.ഒ./39/1482/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**